നഗരസഭകളിലെ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് അലോട്ട് ചെയ്യുന്നതിന് മാനദണ്ഡം

68 (7365) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളിലെ വിവിധ വാർഡുകളിലെ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് അലോട്ട് ചെയ്യുന്നതിന് മാനദണ്ഡങ്ങൾ ഉണ്ടോ ; ചില വാർഡുകളിൽ കൂടുതൽ തുകയും ചില വാർഡുകളിൽ വളരെ കുറച്ചു തുകയും നൽകാൻ കാരണമെന്താണെന്ന് അറിയിക്കുമോ ;

(ബി) ഇപ്രകാരം വികസന ഫണ്ടുകൾ അനുവദിക്കുന്നതിലെ അനൗചിത്യത്തിന്റെ പേരിൽ നഗരസഭകളിലെ വാർഡ് കൗൺസിലർമാർ എവിടെയെല്ലാം പ്രതിഷേധ സമരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) നഗരസഭകളിലെ വിവിധ വാർഡുകളിലെ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് അലോട്ട് ചെയ്യുന്നതിന് മാനദണ്ഡങ്ങൾ ഇല്ല. നഗരസഭകൾക്ക് മാത്രമാണ് ഫണ്ട് അലോട്ട് ചെയ്യുന്നത്.

നഗരസഭകൾക്കുള്ള വികസന ഫണ്ട്

69 (7366) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഗരസഭകൾക്ക് ഈ വർഷം വികസനഫണ്ടിന്റെ ആദ്യഗഡുപോലും ഇതുവരെ ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുകാരണം നഗരസഭകളിലെ കാർഷിക-ജലസേചന-കുടിവെള്ള വിതരണ മേഖലകളിലെ സമയബന്ധിത പദ്ധതികൾ നിർവ്വഹിക്കുന്നതിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുപരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വികസന ഫണ്ടിന്റെ ആദ്യ ഗഡു 16-5-2014-നും രണ്ടാമത്തെ ഗഡു 3-6-2014-നും മൂന്നാമത്തെ ഗഡു 30-6-2014-ലും അനുവദിച്ചിട്ടുണ്ട്.

ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി

70 (7367) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.റ്റി.) സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന നടപ്പാക്കിവരുന്നത് ;

(സി) പ്രസ്തുത പദ്ധതിമുഖേന മലപ്പുറം നഗരസഭയിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് എന്നറിയിക്കുമോ ?

ഉത്തരം

(എ) നെയ്യാറ്റിൻകര, നെടുമങ്ങാട്, ആറ്റിങ്ങൽ, പുനലൂർ, പത്തനംതിട്ട, ചങ്ങനാശ്ശേരി, ആലപ്പുഴ, തിരുവല്ല, നോർത്ത് പറവൂർ, ഗുരുവായൂർ, ചാവക്കാട്, ഒറ്റപ്പാലം, ചിറ്റൂർ-തത്തമംഗലം, പെരിന്തൽമണ്ണ, മലപ്പുറം, തലശ്ശേരി, വടകര, കൊയിലാണ്ടി, പയ്യന്നൂർ, കൽപ്പറ്റ എന്നീ മുനിസിപ്പാലിറ്റികളിലാണ് യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതി നടപ്പിലാക്കിവരുന്നത്.

(ബി) കുടിവെള്ള പദ്ധതികളും ഖരമാലിന്യ സംസ്കരണ പദ്ധതികളുമാണ് യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നത്.

(സി) മലപ്പുറം നഗരസഭയിൽ നടപ്പാക്കിവരുന്ന കുടിവെള്ള പദ്ധതി പൂർത്തീകരിച്ചുകഴിഞ്ഞു. വൈദ്യുതി കണക്ഷൻ ലഭിച്ചാലുടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്.

കെ.എസ്.യു.ഡി.പി. പ്രകാരം ആറ്റിങ്ങൽ മുനിസിപ്പാലിറ്റിക്ക് അനുവദിച്ച തുക

71 (7368) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്. യു.ഡി.പി. പ്രകാരം ആറ്റിങ്ങൽ മുനിസിപ്പാലിറ്റിക്ക് 2012 മാർച്ചിനുശേഷം ഇതുവരെ എന്തു തുക വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുണ്ട് ; ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) കെ.എസ്.യു.ഡി.പി.-യിൽ ഉൾപ്പെടുത്തി റോഡ് നവീകരണത്തിന് ആറ്റിങ്ങൽ നഗരസഭ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) യു.ഐ.ഡി.എസ്.എസ്.എം.റ്റി.-യിൻകീഴിൽ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ ഖരമാലിന്യ സംസ്കരണ പദ്ധതിക്കായി 2012 മാർച്ചിനു ശേഷം 40. ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. നഗരസഭകളുടെ റോഡ് നവീകരണ പ്രോജക്ടുകൾ എ.ഡി.ബി. പദ്ധതിയുടെ ഒരു ഉപപദ്ധതിയായ കെ.എൽ.ജി.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന

LIBRARY ARCHIVES Kerala Legislative Assembly